"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി താത്കാലിക അടിസ്ഥാനത്തിൽ നിയുക്തരായിട്ടുള്ള ശുചീകരണ ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1014/2025/LSGD തിരുവനന്തപുരം,തീയതി, 23-04-2025

---

പരാമർശം:-
1. 18.11.2024-ലെ സ.ഉ (സാധാ) 2233/2024/LSGD നം. ഉത്തരവ്
2. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 04.03.2025-ൽ നടന്ന യോഗത്തിന്റെ മിനിട്സ്
3. ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി അധ്യക്ഷയുടെ 29.03.2025-ലെ G2-2874456നം. കത്ത്

**<u>ഉത്തരവ്</u>**

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ശുചീകരണജീവനക്കാരുടെ അഭാവം ഒഴിവാക്കുന്നതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് ഉപയോഗിച്ച് അത്യാവശ്യംവരുന്ന ശുചീകരണജീവനക്കാരെ ക്യാമ്പയിൻ കാലാവധിയായ 2025 മാർച്ച് 30വരെ മാത്രം നിബന്ധനകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുവാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

കണ്ടിജന്റ് തൊഴിലാളികളുടെ എണ്ണം വർധിപ്പിക്കേണ്ട ഇടങ്ങളിൽ നിബന്ധനകൾക്ക് അനുസൃതമായി എണ്ണം വർധിപ്പിക്കുന്ന വിഷയം പരിശോധിക്കുവാനും കണ്ടിജന്റ് തൊഴിലാളികളുടെ കാലാവധി മാർച്ചിനുശേഷവും ദീർഘിപ്പിക്കുവാനും പരാമർശം (2) പ്രകാരം തീരുമാനമായിട്ടുണ്ട്.

പരാമർശം (1) പ്രകാരം നിയമതിരായ ജീവനക്കാരുടെ സേവനകാലാവധി 30.03.2025-ൽ അവസാനിച്ചിട്ടുള്ളതിനാൽ, പ്രസ്തുതഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരുടെ സേവനകാലാവധി തുടർന്നും ആറുമാസത്തേക്ക്കൂടി ദീർഘിപ്പിക്കുവാൻ പരാമർശം (3)പ്രകാരം അപേക്ഷ ലഭ്യമായിട്ടുണ്ട്.

വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുയിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി , ക്യാമ്പയിൻ കാലവധിയായ 2025 മാർച്ച് 30വരെ മാത്രം

താത്കാലികാടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടിട്ടുള്ളതും കാലാവധിക്കു ശേഷവും ജോലിയിൽ തുടർന്നു വരുന്നതുമായ കണ്ടിജന്റ് ജീവനക്കാരുടെ സേവനകാലാവധി, പരാമർശം (1)-ലെ വ്യവസ്ഥകൾക്കു വിധേയമായി, 2025 മാർച്ച് 31 മുതൽ മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നല്കിക്കൊണ്ടും ഇതിനിടയിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം പൊതു അജൈവ മാലിന്യശേഖരണ ബിന്നുകൾ സ്ഥാപിക്കുന്ന തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്കു മാത്രം ദിവസവേതന വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള കണ്ടിജന്റ് ജീവനക്കാരുടെ സേവനകാലാവധി വീണ്ടും മൂന്ന് മാസത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 23-04-2025 13:03:57
സെക്ഷൻ ഓഫീസർ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്